"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ കൊട്ടാരക്കര പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇടവട്ടം കെ.എസ്.എം.വി.എച്ച്.എസ്.എസ്. വിദ്യാലയത്തിന് 6, 7 ക്ലാസ്സുകൾ പുതുതായി അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4758/2025/GEDN തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:- 1. WP(C)No.28556/2022 ന്മേൽ 01.12.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം

2. സ.ഉ.(സാധാ) നം.4329/2025/GEDN തീയതി,30.06.2025

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇടവട്ടം കെ.എസ്.എം.വി.എച്ച്.എസ്.എസ്. വിദ്യാലയത്തിന് 6, 7 ക്ലാസ്സുകൾ കൂടി പുതുതായി അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നൽകി പരാമർശം(2) പ്രകാരം ഉത്തരവ് നൽകുകയുണ്ടായി. പരാമർശം(1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ 6, 7 ക്ലാസ്സുകൾ അനുവദിക്കാൻ അനുവദിച്ചിരുന്നു എന്നാണ് അപേക്ഷകൻ പറഞ്ഞിരിക്കുന്നത്. എന്നാൽ പ്രസ്തുത റിട്ട് പെറ്റീഷൻ വിശദമായി പരിശോധിച്ചപ്പോൾ 'The Kerala Right of Children to Free and Compulsory Education Rules, 2011" ലെ Rule 14 of 14 പ്രസ്തുത സ്കൂളിൽ 6, 7 ക്ലാസുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനാണ് പറഞ്ഞിരിക്കുന്നത്. പുതുതായി അനുവദിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും

രണ്ടും രണ്ട് തരത്തിലുള്ള വിഷയങ്ങൾ ആണ് . പരാമർശം(2)ഉത്തരവ് പ്രകാരം ധാരാളം മാനേജ്മെന്റുകൾ പുതിയ ഡിവിഷൻ തുടങ്ങുന്നതിനായി സമീപിക്കുന്നതിന് കാരണമാകും എന്നും അത് ഇപ്പോൾ ഗവൺ മെന്റ് കൈക്കൊള്ളുന്ന നയങ്ങൾക്ക് വിരുദ്ധമാണെന്നും പലവിധ വിഷയങ്ങൾക്കും പാത്രീഭവിക്കാവുന്നതുമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

2.ആയതിനാൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇടവട്ടം കെ.എസ്.എം.വി.എച്ച്.എസ്.എസ്. വിദ്യാലയത്തിന് 6, 7 ക്ലാസ്സുകൾ കൂടി പുതുതായി അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള പരാമർശം(2) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ), തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
മാനേജർ, ഇടവട്ടം കെ.എസ്സ്.എം.വി.എച്ച്.എസ്.എസ്
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
(പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 19-07-2025 14:55:03

സെക്ഷൻ ഓഫീസർ